പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1244 **15-10-2026-ൽ മറുപടിയ്ക്ക്**

സ്കൂൾ കായികമേളയിൽ സംഭവിച്ച അപകടങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. ജോയി

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ഈ വർഷത്തെ സ്കൂൾ കായികമേളയിൽ ഏതെങ്കിലും തരത്തിലുള്ള അപകടങ്ങൾ സംഭവിച്ചിട്ടുണ്ടോയെന്നും അതിന്റെ ഭാഗമായി കായികതാരങ്ങളായ വിദ്യാർത്ഥികൾക്കോ അവരുടെ രക്ഷിതാക്കൾക്കോ പരിക്ക് പറ്റിയതായോ ഉള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ;

മറുപടി: തൃശ്ശൂരിൽ വച്ച് നടന്ന കായികമേളയിൽ അക്വാട്ടിക് മത്സരങ്ങൾ നടന്നിരുന്ന വേദിയിൽ കാലാവസ്ഥ വ്യതിയാനം കാരണം ശക്തമായ കാറ്റിൽ താത്കാലികമായി ഗ്യാലറിയിൽ നിർമ്മിച്ചിരുന്ന ഷെഡിന്റെ മേൽക്കൂര വീണ് 5 കട്ടികൾക്കും,മത്സരം കാണാൻ വന്ന ഒരു വിദ്യാർത്ഥിനിക്കും രക്ഷിതാവിനും നിസ്സാരമായ പരിക്കുണ്ടായി. ഇത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) സ്കൂൾ കായികമേളയുടെ താല്ക്കാലിക ഷെഡുകൾ നിർമ്മിച്ചതിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിരുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ